വിനോദസഞ്ചാര വികസന പദ്ധതി

25 (*85) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളും വിദേശരാജ്യങ്ങളിലെ വിനോദസഞ്ചാരകേന്ദ്രങ്ങളും കൂട്ടിയിണക്കിയുള്ള വിനോദസഞ്ചാര വികസന പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ രാജ്യങ്ങളുമായി ചേർന്നാണ് ധാരണയുണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം സംസ്ഥാന ടൂറിസം മേഖലയ്ക്കുണ്ടാകാനിടയുള്ള നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) സ്പൈസ് റൂട്ടിന്റെ ഭാഗമായി 31 വിദേശ രാജ്യങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള സ്പൈസ് റൂട്ട് പദ്ധതി പരിഗണിച്ചുവരുന്നു.

(ബി) സ്പൈസ് റൂട്ട് പദ്ധതിയിൽ ഒരു ആഗോള പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ആയത് അന്താരാഷ്ട്ര തലത്തിൽ ഉയർത്തിക്കാട്ടുന്നതിനുമായി കേരളാ ടൂറിസവും യൂനെസ്കോയുമായി ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. നിലവിൽ രാജ്യങ്ങളുമായി ധാരണയുണ്ടാക്കിയിട്ടില്ല.

(സി) ആഗോള ടൂറിസം കേന്ദ്രമായി കേരളത്തെ ഉയർത്താനുള്ള ഒരു ശ്രമമാണ് ഈ പ്രോജക്ട്. സുഗന്ധവ്യഞ്ജനങ്ങളുടെ ഉറവിടം എന്ന നിലയിൽ ഈ പ്രോജക്ടിലൂടെ കേരളം ആഗോള ശ്രദ്ധ നേടുന്നതാണ്. കേരളത്തിലെ ചരിത്ര സ്മാരകങ്ങളെല്ലാംതന്നെ ലോക വിനോദസഞ്ചാര ഭൂപടത്തിൽ ഇടം പിടിക്കും. ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃക പദ്ധതികളിൽ ഒന്നായ സ്പൈസ് റൂട്ട് പദ്ധതി ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാരമാർഗ്ഗം സൃഷ്ടിക്കുവാനും സ്പൈസ് റൂട്ട് ടൂറുകൾ പ്രോത്സാഹിപ്പിക്കുവാനും സഹായകരമാകും. പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണത്തിലൂടെ ഈ പദ്ധതി കേരളാ ടൂറിസം മാർക്കറ്റിംഗിനുള്ള ആതന വിപണന മേഖല തുറന്നുതരുന്നു.

LIBRARY ARCHIVES Kerala Legislative Assembly